മാരെയും കൂട്ടുസംസാരിച്ചു. കൂട്ടുതലായ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണു്. പരിശോധനയുടെശേഷംമാത്രമേ കൂട്ടുതൽ വിവരങ്ങൾ അറിയാൻ സാധിക്കൂ. വിവരം സഭയെ അറിയിക്കണമെന്നു് എന്നെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

ഒന്നുരണ്ടു പ്രിവിലേജസു പ്രശ്നങ്ങൾ ഈ സഭയുടെ പരിഗണനയ്ക്കായി വന്നിട്ടുണ്ടു്. ഇതുസംബന്ധിച്ചു ഒരുകാര്യം പറയാനുണ്ടു്. പ്രിവിലേജു പ്രശ്നങ്ങൾ വരുമ്പോൾ അതുസംബന്ധിച്ചു റൂളിംഗു് മലയാളത്തിൽ നൽകുന്നതിനു് യോജിച്ച സാങ്കേതിക പദങ്ങൾ ഉണ്ടാക്കി ഒരു തീരുമാനം വരുന്നതുവരെ ഇംഗ്ലീഷിൽ റൂളിംഗു് തരാനെ സാധിക്കുന്നുള്ളൂ.

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ: ലാംഗ്വേജു് ഇൻസ്ട്രിറ്റ്യൂട്ടുമായി റഫർചെയ്യാൽമതി.

മി. സ്പീക്കർ: അവരുമായി ഇതിനെപ്പറ്റി സംസാരിച്ചിട്ടുണ്ടു്.

QUESTION OF PRIVILEGE:

Report in the Desabhimani dated 3rd March 1969

Mr. Speaker: One or two privilege questions have come before the Assembly. I think it is proper to give the ruling in English.

On March, 19, 1969 Shri K.P.R. Gopalan requested permission to raise a question of alleged breach of privilege against Shri E.M. Sankaran Namboodiripad, Chief Minister in respect of a speech reported in the 'Desabhimani' dated March 3, 1969. He alleged that the speech of the Chief Minister at Alleppey as appeared in the Desabhimani dated March 3, 1969 under the caption "theevra vadikal" was made deliberately to ridicule him before the public. According to Shri K.P.R. Gopalan, the whole trend of the speech of the Chief Minister and in particular his remarks that the only hands raised in the Assembly against the Government along with the opposition were those of Shri K.P.R. Gopalan, went against his "privilege to vote according to his wishes".

I then informed the House that the matter would be referred to the Committee of Privileges under Rule 153 of the Rules of Procedure and Conduct of Business in the Legislative Assembly to examine and report to me whether a prima facie case of breach of Privilege was involved.

The Committee of Privileges met on April 24, 1969 and examined the question. Shri E.M.S. Namboodiripad, Chairman of the Committee did not participate in the deliberations of the Committee when the matter was taken up as he was a party to the case. The meeting was presided over by another member of the Committee.

The Committee also heard the views of the Government Pleader in charge of the duties of the Advocate General in the matter. The Committee presented its report to me on June 11, 1969.

According to the Committee, the report that appeared in the 'Desabhimani' dated March 3, 1969 contained only a statement of fact. The proceedings of the Assembly including the manner of voting on a particular issue by any member or a group of members could be published in any newspaper. It is, therefore, open to anyone to state the manner in which a

LIBRARY ARCHIVES, Kerala Legislative Assembly

particular member had voted on a particular issue or issues in the Assembly. The Committee is of the view that there is no breach of privilege involved in the report as appeared in the 'Desabhimani' dated March 3, 1969.

I think the House agrees with this view.

(ii) Order of the Chief Minister to enquire into the allegations against Shri P.K. Kunju and

(iii) Evidence let in the enquiry into the allegations.

Shri K.M. George has given notice under Rule 149 of the Rules of Procedure to raise a question involving a breach of privilege of this Assembly. According to him, the action of the Chief Minister in ordering an enquiry to go into the allegations levelled against Shri P.K. Kunju, former Finance Minister, on the Floor of the House, without obtaining the permission of the House, was a gross violation of the privileges of the Assembly.

Similarly, Shri S.P. Luiz, has also given notice to raise a question of breach of privilege. He has alleged that contrary to the settled procedure adopted in the two Houses of Parliament (which procedure we are adopting in the Assembly) evidence is being let in, in the enquiry against a member of this House by other members, without obtaining the leave of the House.

I am referring both the questions of alleged breach of privilege contained in the Notices, to the Committee of Privileges of this Assembly under Rule 153 of the Rules of Procedure for examination, with the direction that the Committee should submit the report to me as early as possible.

ശ്രീ. ബേബി ജോൺ: സർ, കുറേനാളം മുൻപു് ഞാനൊരു പ്രിവിലേജസ് നോട്ടീസു തന്നിരുന്നു. അതിന്റെ സ്ഥിതി എന്തായെന്നറിഞ്ഞില്ല.

മി. സ്പീക്കർ: അതു കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. ബേബി ജോൺ: ഒരു വർഷമായിട്ടും അതിന്മേൽ ഒരു തീരുമാനം എടുക്കാൻ കഴിയാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. ചീഫ് ജസ്റ്റിസിന്റെയും, അഡ്വക്കേറ്റു ജനറൽ ശ്രീ. നാരായണൻ നമ്പ്യാരുടെയും പരാമർശത്തെപ്പറ്റിയുള്ളതായിരുന്നു.

മി. സ്പീക്കർ: അതു കമ്മിറ്റിയുടെ പര്യാലോചനയിലിരിക്കുകയാണു്. അധികം താമസിയാതെ നടപടി പൂർത്തിയാകുമെന്നു കരുതുന്നു.

ശ്രീ കെ. ടി ജോർജ്: സർ, ഈ സഭയിൽ പരാമർശവിഷയമായ ഒരു പ്രശ്നത്തെസംബന്ധിച്ചിടത്തോളം കോടതിയിൽ തെളിവു നൽകുന്നതിനായി ഈ സഭയിലെ അംഗങ്ങൾക്കു സഭയുടെ അനുമതി കിട്ടേണ്ടതാവശ്യമാണു്. അതിനുവേണ്ടിയാണു് ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളതു്.

മി. സ്പീക്കർ: ഇതൊക്കെ ഭരണഘടനാപരമായും നിയമപരമായും വിദഗ്ദ്ധമായ അഭിപ്രായം അറിഞ്ഞതിനുശേഷം ഒരുറുളിംഗ് തരേണ്ടകാര്യമാണു്. ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിനുമുമ്പു് എന്തെങ്കിലും പറയുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. കെ. ടി. ജോർജ്: സർ, 11-8-1969-ൽ അന്വേഷണക്കോടതിയിൽ ഇതു സംബന്ധിച്ച സ്റ്റേറ്റ്മെന്റുണ്ടെങ്കിൽ കൊടുക്കണമെന്നാവശ്യപ്പെട്ടിരിക്കുകയാണു്. കോടതി തെളിവെടുത്തു തുടങ്ങിയിരിക്കുകയാണു്. എനിക്കു കോടതി

LIBRARY ARCHIVES Kerala Legislative Assembly

യിൽ എന്തെങ്കിലും തെളിവു കൊടുക്കുന്നതിനു മുമ്പായിട്ട് ഈ സഭയുടെ അനുമതി കിട്ടേണ്ടിയിരിക്കുന്നു. ഈ സഭയിൽ 13-2-1969-ൽ ഉണ്ടായ പരാമർശത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ടായിട്ടുള്ള എൻകുയറി എന്നുള്ള നിലയിൽ എനിക്കു ഒരു സ്റ്റേറ്റുമെൻറു കോടതിയിൽ ഫയൽ ചെയ്യുന്നതിനു് സഭയുടെ അനുമതി കിട്ടേണ്ടിയിരിക്കുന്നു. അതിനുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണു്.

ശ്രീ. കെ. എം. ജോർജ്: ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞിന്റെ പേരിൽ നിയമസഭയിൽ വന്നിട്ടുള്ള ആരോപണങ്ങളും എൻകുയറി കമ്മിഷൻ ആക്ടനുസരിച്ചു് അന്വേഷണത്തിനു വിട്ടിരിക്കുകയാണു്. അങ്ങനെ എൻകുയറി കമ്മിഷന്റെ അന്വേഷണത്തിനു വിടുന്നതിനുമുമ്പു അദ്ദേഹം ഈ സഭയുടെ അനുവാദം വാങ്ങിയിരുന്നുവോ? രാജ്യസഭയിലെ വ്യക്തമായിട്ടുള്ള റൂളിന്റെ അടിസ്ഥാനത്തിൽ നിയമത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണു്. അതിനു വിപരീതമായി എൻകുയറി കമ്മീഷൻ ആക്ടു് അനുസരിച്ചു അന്വേഷണത്തിനു വിട്ടിരിക്കുന്നതുതന്നെ നിയമപരമായി തെറ്റാണെന്നും നിയമസാധുതപ ഇല്ലാത്തതാണെന്നും ഈ കേസു വാദിക്കുന്ന ശ്രീ. ലോബോ പ്രഭുവും ശ്രീ. ഈശ്വര അയ്യരും വാദിച്ചിട്ടുണ്ടെന്നുള്ള കാര്യം നമ്മുടെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണു്. ആ നിലപാടു വച്ചുകൊണ്ടു ബഹുമാനപ്പെട്ട അംഗങ്ങളും ശ്രീമാൻ വിത്സനും, ശ്രീ. കെ. ടി. ജോർജ്ജും ഈ കേസിൽ കക്ഷി ചേരാനും കോടതിയിൽ തെളിവുകളും ഹാജരാക്കുവാനും മുമ്പോട്ടു പോയാൽ അവർ നിയമസഭയോടു കാണിക്കുന്ന അവകാശ ലംഘനമായിട്ടു ഗണിക്കപ്പെടും. അതുകൊണ്ടു ശ്രീ. ജോർജ്ജ് ഇവിടെ അനുവാദം ചോദിച്ചതു തെറ്റല്ല. അതേ സമയംതന്നെ നാം അതിനു അനുവാദം കൊടുക്കുവാൻ പാടുള്ളതുമല്ല.

Shri C. S. Neelakantan Nair: Sir, I raise a point of order. I don't know what is now proceeding in this House. Are we making a discussion on a resolution or at a request? Under what provision of the Rules of Procedure we are doing it? What is it that we are doing? Now what I understand is that the Hon. Speaker has referred the matter to the Privileges Committee. Is it a discussion on the very same matter which has been referred to the Privileges Committee, or is it on a motion? What is the provision for that? I would request the Chair to give a ruling as to what is going on, and whether it is in order?

മി. സ്പീക്കർ: ശ്രീ. കെ. ടി. ജോർജ്ജ് കോടതിയിൽ നടക്കാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം എങ്ങനെ പങ്കാളിയാകണം എന്നുള്ളതിനെ സംബന്ധിച്ച അദ്ദേഹത്തിന്റെ നിലപാടു വ്യക്തമാക്കുകയാണു്. അദ്ദേഹം ഒരു പെറ്റീഷൻ നൽകിയിട്ടുണ്ടു്. അതിനുമുമ്പാണു് പ്രിവിലേജു് ഇഷ്യു വന്നിട്ടുള്ളതു്. അതിൽ പറയുന്നതു ഇതു ശരിയല്ല എന്നാണു്. ഇതിന്റെ നിയമപരമായ കാര്യങ്ങളും എല്ലാം ആലോചിച്ചശേഷം മാത്രമേ ഇതിനെപ്പറ്റി എനിക്കു എന്തെങ്കിലും പറയുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടാണു് അതു പ്രിവിലേജുകമ്മിറ്റിക്കു വിട്ടതു്. വളരെവേഗം റിപ്പോർട്ടുതരണമെന്നു ആവശ്യപ്പെട്ടിട്ടുണ്ടു്. ശ്രീ. കെ. ടി. ജോർജിനു ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിലോ വക്കാലത്തു കൊടുക്കണമെങ്കിലോ അതു് അദ്ദേഹം പെറ്റീഷൻ തന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണു്. അതിനെപ്പറ്റിയാണു് അദ്ദേഹം സംസാരിക്കുകയും ചെയ്തതു്. പ്രിവിലേജു് ഇഷ്യു കമ്മറ്റിക്കു വിട്ടിരിക്കുകയാണു്, അതു അവിടെ പരിശോധിച്ചുകൊള്ളും. If anybody can give me any advice.....

Shri K. M. George: I was only trying to explain what Shri K.T. George has wanted. I am not discussing about the matter which has already been referred to the Privileges Committee.

LIBRARY ARCHIVES Kerala Legislative Assembly

സർ, എന്റെ വിനീതമായ അഭിപ്രായം ശ്രീ. കെ. ടി. ജോജ്ജിനു അനുവാദം കൊടുക്കരുതെന്നുള്ളതാണു്. അതിന്റെ കാരണം എന്താണെന്നു വച്ചാൽ ആദ്യമേതന്നെ മുഖ്യമന്ത്രി ഈ സഭയുടെ അനുവാദം വാങ്ങാതെതന്നെ മാറ്റർ എൻക്വയറി കമ്മിഷനു വിട്ടു. അതു അടിസ്ഥാനപരമായി ആദ്യമേതന്നെ നിയമപരമായി പിശകാണു്. നിയമസാധുത്വമില്ലെന്നുള്ള അടിസ്ഥാനത്തിൽ ആ കാര്യം പരിശോധിക്കേണ്ടതാണു്. ആ നിലപാടിൽ നാം ഇപ്പോൾ ശ്രീ. കെ. ടി. ജോർജ്ജിനു കോടതിയിൽപോയി തെളിവു ഹാജരാക്കുവാൻ നിയമപരമായി അടിസ്ഥാനമുണ്ടെങ്കിലും ഈ സഭയുടെ അനുവാദം നൽകുവാൻ പാടുള്ളതല്ല. ശ്രീ. ജോജ്ജിന് ഇപ്പോൾ സമ്മതം കൊടുക്കുകയാണെങ്കിൽ ആദ്യം എൻക്വയറി കമ്മിഷനു റെഫർ ചെയ്തിരുന്നപ്പോൾ അതു വാങ്ങിയിരുന്നുവോ എന്ന കാര്യം നോക്കേണ്ടതാണു്. അങ്ങനെ ചെയ്തിട്ടില്ല. പ്രിവിലേജിന്റെ കാര്യം ഇപ്പോൾ വന്നിട്ടേയുള്ള. തെളിവു കൊടുക്കുവാൻ ബാദ്ധ്യസ്ഥരാണു് ആരോപണങ്ങൾ ഉന്നയിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ എങ്കിലും സഭ അനുവാദം കൊടുക്കുന്നതു ഒരിക്കലും ശരിയല്ല.

ശ്രീ. ഈ. അഹമ്മദ്: ശ്രീ. ലൂയിസിന്റെ പ്രിവിലേജ് മോഷനിൽ പറഞ്ഞിട്ടുള്ളതു് സഭയുടെ സമ്മതം വാങ്ങിക്കാതെയാണു് കമ്മിറ്റിക്കു റെഫർ ചെയ്തിരിക്കുന്നതെന്നുള്ളതാണു്. ശ്രീ. ജോജ്ജിനു സഭയുടെ അനുവാദം വേണമെന്നാണു് ഇപ്പോൾ പറയുന്നതു്. സഭ അനുവാദം നൽകുകയാണെങ്കിൽ ആദ്യമേ പ്രിവിലേജ് ഇഷ്യു കമ്മിറ്റിക്കു റഫർ ചെയ്തതുകൊണ്ടു അതു infructuous ആയിട്ടു മാറും. അതു പരിഗണിക്കേണ്ടകാര്യമാണു്.

ശ്രീ. കെ. കരുണാകരൻ: ഇതിന്റെ പ്രായോഗിക വൈഷമ്യങ്ങൾ കൂടി നാം കണക്കിലെടുക്കേണ്ടതുണ്ടു്. ഈ സഭയിൽ വച്ചു ചില അംഗങ്ങൾ മന്ത്രിയുടെ മേൽ ചില ആരോപണങ്ങൾ ഉന്നയിക്കുകയും അതിനാവശ്യമായ തെളിവു കൊടുക്കാമെന്നു സഭ മുമ്പാകെ ഉറപ്പു കൊടുക്കുകയും ചെയ്തിട്ടുണ്ടു്. അതുകൊണ്ടു തെളിവുകൾ കൊടുക്കേണ്ട ചുമതല അവർക്കുണ്ടു്. തെളിവുകൊടുക്കാൻ ചുമതലപ്പെട്ട അവർ അതിനായി നീങ്ങുമ്പോൾ അവർക്കു ബുദ്ധിമുട്ടു പരുത്തുന്നു കരുതിയാണു് ശ്രീ. ജോർജ്ജു് പറഞ്ഞതു്. ഇന്നു് അന്വേഷണത്തിനായി റെഫർ ചെയ്തിട്ടുള്ള കേസിൽ കോടതിയിൽനിന്നും തെളിവുകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണു്. ഇന്നു് അതു സംബന്ധിച്ചിട്ടുള്ള തെളിവു കൊടുക്കുന്നതിൽ നിന്നും പിൻമാറുകയാണെങ്കിൽ ഈ സഭയിൽ നൽകിയിട്ടുള്ള ഉറപ്പിൽനിന്നും മാറുകയായിരിക്കും സ്ഥിതി. ഈ സഭയുടെ അനുവാദത്തോടു കൂടിയല്ലാതെ കൊടുത്താൽ അവിടെ പ്രിവിലേജു കമ്മിറ്റ്മെന്റ് ഉണ്ടാകും. ഈ സ്ഥിതിവിശേഷത്തിൽ ഈ സഭയുടെ അവകാശലംഘനം കൂടാതെതന്നെ തെളിവു കൊടുക്കുന്നതിനു സൗകര്യം ഉണ്ടാകണം. ആ വിധത്തിൽ നാം മുന്നോട്ടുപോകണം. അതിനു തടസ്സമായി നിൽക്കുകയാണെങ്കിൽ ശ്രീ. ജോർജ്ജിനു തെളിവുകൊടുക്കുവാൻ സാധിക്കാതെവരും. തെളിവു കൊടുക്കുവാൻ കഴിയുകയില്ലെങ്കിൽ അതു് ഈസഭയ്ക്കു കൊടുത്ത ഉറപ്പിൽനിന്നും വ്യതിചലിക്കുകയായിരിക്കും ഫലം. അതുകൊണ്ടു്.....

Mr. Speaker: He has given a petition to this Assembly and that itself shows that his interest is genuine. If he really intends to do something genuine, there is no need for anxiety.

പ്രിവിലേജു കമ്മിറ്റ്മെന്റ്കൂടി വന്നിട്ടുള്ളതാണു്. ജോജ്ജിനെ സംബന്ധിച്ചിടത്തോളം ഇവിടെ പെറ്റീഷൻ നൽകിയിട്ടുള്ളതുകൊണ്ടു മുന്നോട്ടുപോകാം.

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം പ്രിവിലേജു കമ്മിറ്റിക്കു വയ്ക്കേണ്ട രേഖകൾ ഹാജരാക്കണമെങ്കിൽ നിയമസഭയുടെ അനുവാദം വേണമെന്നുണ്ടു്. ആ നിലയിലാണു് അന്വേഷണത്തിനു ഓർഡർ ചെയ്തിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: സർ, ഇവിടെ പ്രിവിലേജ് കമ്മിറ്റിയിൽ ഒരു പ്രശ്നം വച്ചിരിക്കുകയാണ്. അതിലെ ചാർജ്ജ് ഒരു വശത്തേയ്ക്ക് മാത്രമല്ല. രണ്ടു ഭാഗത്തുള്ളതുമാണ്. അതു കൊണ്ട് ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യാൻ പാടില്ല എന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ: സ്റ്റേറ്റുമെന്റു കൊടുത്താൽ അതു പ്രിവിലേജ് കമ്മിറ്റിയ്ക്ക് ആയിട്ടു വരുമെന്നുള്ളതുകൊണ്ട് അതിനു മുമ്പു സഭയുടെ അനുവാദം ഉണ്ടായിരിക്കണം. അംഗീകാരം കൊടുക്കുവാൻ പാടുള്ളതാണോ അല്ലയോ എന്നുള്ളതു ഒരു ചെറിയ ചോദ്യത്തിനുത്തരമായി പറയുവാൻ സാധിക്കുകയില്ല. ആക്ഷേപം എന്തെല്ലാം പറയാനുണ്ടെന്നും എന്തെല്ലാം ചെയ്യണമെന്നും നിയമസഭയുടെ പരിധിക്കകത്തു എന്തെല്ലാം ചെയ്യാമെന്നും വിശദമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഇവിടെ അനുവദിക്കുന്നതുകൊണ്ട് കുഴപ്പമില്ലെന്നു പറയുന്നതു ശരിയല്ല. അതുകൊണ്ട് ഒരു ചർച്ചതന്നെ ഇതിനു വേണ്ടിവരും. ലാഘവ ബുദ്ധിയോടു കൂടി കൈകാര്യം ചെയ്യാം എന്നു പറയുന്നതു ശരിയല്ല. നിയമസഭയ്ക്കു ചില വകുപ്പുകൾ ഉണ്ട്. അതിൽനിന്നും വ്യത്യസ്തമാണോ എന്നാലോചിക്കേണ്ടിവരും. അതു കൊണ്ട് ഒരു തുറന്ന ചർച്ചതന്നെ നടത്തേണ്ടി വരും.

മി. സ്പീക്കർ: ഏതായാലും ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം വളരെ സൂക്ഷിച്ചുമാത്രം ഓരോപടിയും വയ്ക്കേണ്ട കാര്യമാണ്. മുമ്പിലിരിക്കുന്ന പ്രശ്നത്തിന്റെ ഗുരുലഘുത്വം, സഭയുടെ അധികാര അവകാശങ്ങളെ സംബന്ധിച്ച പ്രശ്നം ഇതെല്ലാം വളരെ കാര്യമായിട്ടുള്ള സംഗതികളാണ്. കോടതിയിൽ എങ്ങനെ മൊഴി കൊടുക്കണം, അങ്ങനെ മൊഴി കൊടുക്കുമ്പോൾ അതു നിയമസഭയുടെ അധികാര അവകാശ ലംഘന മാകുമോ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചു പല വിവാദ പ്രശ്നങ്ങളും ഉള്ളതുകൊണ്ട് ഇതിനെ സംബന്ധിച്ചു ഉടനടി ഒരു തീരുമാനം എടുക്കുന്നതു ശരിയായിരിക്കുകയില്ല. ശരിയായ നിയമോപദേശം സ്വീകരിച്ച ശേഷം എന്തെങ്കിലും തീരുമാനം എടുക്കുകയാണ് നല്ലതു. ശ്രീ. ജോർജ്ജ് അദ്ദേഹത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നതിനെ സംബന്ധിച്ചു എന്തു മാർഗ്ഗം സ്വീകരിക്കണമെന്നുള്ളതു അദ്ദേഹത്തിനു കിട്ടിയിട്ടുള്ള നിയമോപദേശം അനുസരിച്ചു തീരുമാനിക്കും. നിയമസഭയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിനുള്ള ഉത്തരവാദിത്വം അദ്ദേഹം പെറ്റീഷൻ കൊടുത്തു കഴിഞ്ഞതോടെ തീർന്നിരിക്കുകയാണ്. പിന്നെ ഇവിടെ പ്രസ്താവന ചെയ്യാൻ മുതിർന്നതു അദ്ദേഹത്തിനു ഈ സഭയോടു ബഹുമാനം ഉണ്ടെന്നു വ്യക്തമാക്കാൻവേണ്ടിയാണ്. നമ്മെ സംബന്ധിച്ചിടത്തോളം പ്രിവിലേജ് കമ്മിറ്റിക്കു വിട്ടിരിക്കുകയാണ്. കമ്മിറ്റി പരിശോധിച്ചു റിപ്പോർട്ടു കിട്ടുന്നതുവരെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല എന്നുള്ളതാണ് സ്ഥിതി.

ശ്രീ. കെ. ടി. ജോർജ്ജ്: എന്റെ പെറ്റീഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ, റഫർ ചെയ്യുന്ന കൂട്ടത്തിൽ പെടുമോ?

Mr Speaker: You are a Member of this House and you can go to the Privileges Committee as a Member of this House, or in any capacity you can and tell what you have to say.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ശ്രീ. കെ. ടി. ജോർജ്ജ് ഇവിടെ തെളിവു കൊടുക്കണമെന്നാവശ്യപ്പെടുകയും ബ്രീച്ച് ഓഫ് പ്രിവിലേജ് ആണോ അല്ലയോ എന്ന സംശയം വരികയും ചെയ്തു. ധനകാര്യമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞും അതുപോലെ തെളിവു കൊടുക്കുകയാണ്. അതും പ്രിവിലേജ് കമ്മിറ്റിക്കു വിട്ടിരിക്കുകയല്ലേ?

മി. സ്പീക്കർ: ഇവിടെ മി. ജോർജ്ജിന്റെ പെറ്റീഷൻ മാത്രമേ കിട്ടിയിട്ടുള്ളൂ. ശ്രീ. പി. കെ. കുഞ്ഞിന്റെ അപേക്ഷയോ പെറ്റീഷനോ ഒന്നും കിട്ടിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള ചർച്ച ഇനി തുടരണമെന്നു വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly